(സി) എൻ. എച്ച് 17-ലെ പ്രധാന സ്ഥലമായ ഇടപ്പള്ളി ഭാഗത്തേക്കുള്ള ഗതാഗത തടസ്സം നീക്കുന്നതിന് എൽ. എ. നടപടികൾ പൂർത്തിയാക്കി ഈ റോഡിന്റെ നിർമ്മാണം അടിയന്തിരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) റെയിൽവേയുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് ദേശീയപാത വിഭാഗം നടപടി സ്വീകരിച്ചു വരുന്നു. ജി. എ. ഡി. തയ്യാറാക്കാമെന്ന് റയിൽവേ സമ്മതിച്ചിട്ടുണ്ട്.

(സി) ഭൂമി ഏറ്റെടുക്കുന്നതിനുള്ള അടങ്കൽ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. അനുമതി ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

പനമ്പുഴക്കടവ് പാലത്തിന്റെ നിർമ്മാണ പുരോഗതി

89 (3730) ശ്രീ. എം. കെ. മുനീർ
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ പനമ്പുഴക്കടവ് പാലം നിർമ്മാണത്തിന്റെ പുരോഗതി എത്രത്തോളമായെന്ന് വെളിപ്പെടുത്തുമോ ;

(ബി) പാലം പണിക്ക് ഭരണാനുമതി, പ്രത്യേകാനുമതി, സാങ്കേതികാനുമതി എന്നിവ നൽകിയിട്ടുണ്ടോ ;

(സി) എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പനമ്പുഴക്കടവ് പാലത്തിന്റെ നിർമ്മാണത്തിന് വേണ്ടി പ്രീകാളി ഫിക്കേഷൻ ടെന്ററുകൾ ക്ഷണിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു.

(ബി) ഉണ്ട്.

(സി) പ്രസ്തുത പാലം നിർമ്മാണത്തിന് 400 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി ജി. ഒ. (ആർ. ടി.) നം. 620/99/ പി. ഡബ്ല്യു. ഡി. തീയതി 25-06-1999 പ്രകാരവും പ്രത്യേകാനുമതി ജി. ഒ. (ആർ. ടി.) നം. 1179/ 99/പി.ഡബ്ല്യു.ഡി. തീയതി 21-12-1999 പ്രകാരവും നൽകിയിട്ടുണ്ട്. ഈ പണിക്കായി 465 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതിയും 28-02-2000-ൽ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പാലം പണിക്കുള്ള ടെന്ററുകൾ ലഭിച്ച് ബാക്കി നടപടിക്രമങ്ങളും പൂർത്തിയാക്കി പണി ആരംഭിച്ച് കഴിഞ്ഞാൽ മാത്രമേ പണി പൂർത്തിയാകുന്ന ഏകദേശ തീയതി പറയാൻ കഴിയുകയുള്ളൂ.

കടലുണ്ടിക്കടവ് പാലം നിർമ്മാണത്തിന്റെ പുരോഗതി

90 (3731) ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ കടലുണ്ടിക്കടവ് പാലം നിർമ്മാണത്തിന്റെ പുരോഗതി വെളിപ്പെടുത്തുമോ ;

(ബി) ഈ പാലം എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കടലുണ്ടിക്കടവ് പാലത്തിന്റെ നിർമ്മാണം പുരോഗതിയിലാണ് മൊത്തം പന്ത്രണ്ടു തൂണുകളും രണ്ട് അബട്ട്മെന്റുകളും ഉള്ളതിൽ കരയിലുള്ള മൂന്നു തൂണുകളുടേയും രണ്ട് അബട്ട്മെന്റുകളുടേയും ഫൗണ്ടേഷൻ പണി നടന്നുവരുന്നു. ബാക്കി തൂണുകൾക്കു വേണ്ടി ബോർഡ് പൈൽ ഫൗണ്ടേഷൻ പ്രവൃത്തിയും ആരംഭിച്ചിട്ടുണ്ട്.

(ബി) 2001-ൽ പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

കല്ലുമട - കല്ലുങ്കത്രി റോഡിൽ പുത്തൻതോട് പാലത്തിന്റെ നിർമ്മാണം

91 (3732) ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏറ്റുമാനൂർ നിയോജകമണ്ഡലത്തിലെ കല്ലുമട - കല്ലുങ്കത്രി റോഡിൽ പുത്തൻതോട് പാലത്തിന്റെ നിർമ്മാണം 1996-ൽ പൂർത്തിയായിട്ട് ഇതുവരെ ഗതാഗതത്തിന് തുറന്നുകൊടുത്തിട്ടില്ലാ എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പാലം ഗതാഗതത്തിന് തുറന്നു കൊടുക്കാത്തതിന്റെ കാരണം അറിയിക്കാമോ ;

(സി) ഈ പാലത്തിന്റെ അപ്രോച്ച് റോഡുകൾ പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് അറിയിക്കാമോ ;

(ഡി) പാലം പണി നടത്തിയ കോൺട്രാക്ടറുടെ തുക മുഴുവൻ കൊടുത്തു തീർത്തിട്ടുണ്ടോ ;

(ഇ) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ;

(എഫ്) അപ്രോച്ച് റോഡിന്റെ നിർമ്മാണ ജോലികൾ പൂർത്തിയാക്കി പാലം എന്നത്തേക്ക് തുറന്നു കൊടുക്കാൻ കഴിയും എന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly